നിരവധി പരസ്യങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കേരളത്തെക്കുറിച്ച് കൂടുതൽ അറിയുവാനുള്ള ആകാംഷ വിദേശ വിനോദസഞ്ചാരികളിലും ടൂർ ഓപ്പറേറ്റർമാരിലും സൃഷ്ടിക്കുന്നതിന് ടൂറിസം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

5 (*4) ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനം

ശ്രീ. കെ.ബാബു :
ശ്രീ. കെ.സി.ജോസഫ് :
ശ്രീ. ബി.വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനാർത്ഥം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തുള്ള നഗരങ്ങളെ ഹൈടെക്ക് സിറ്റികളാക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടികളുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) വിവരസാങ്കേതികവിദ്യയിലൂടെ വികസനം സാധിക്കുന്നതിന് വിദേശ മൂലധനം ആകർഷിക്കുവാൻ എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ ഗവൺമെന്റ് സൃഷ്ടിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) വിവരസാങ്കേതികരംഗത്തെ വികസനത്തിനായി, ഐ.റ്റി. അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ.റ്റി. വ്യാപനത്തിനായി മാനുഷിക വിഭവശേഷി വികസിപ്പിക്കുക, ഐ.റ്റി. സർക്കാരിൽ നടപ്പാക്കുക എന്നീ 3 ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്തപദ്ധതികൾ ആവിഷ്ക്കരിച്ച്, ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ, സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്ന ഐ.റ്റി.നയം വിഭാവനം ചെയ്യുന്നു. ശക്തമായ ഒരു ഐ.റ്റി. അധിഷ്ഠിത വ്യവസായമേഖലയുടെ അടിത്തറ കെട്ടിപ്പടുക്കുന്നതിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഏകജാലക ക്ലിയറൻസ് സംവിധാനം, 20 കോടി രൂപയോളം മുതൽ മുടക്കോടെ ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് എന്നിവ നടപ്പാക്കിവരുന്നു. വിവര സാങ്കേതിക വ്യവസായത്തിന് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, വിവര വിനിമയ സൗകര്യങ്ങൾ എന്നിവയെല്ലാം തന്നെ ടെക്നോപാർക്കിൽ ഒരുക്കിയിട്ടുണ്ട്. ടെക്നോപാർക്കിലേക്ക് കൂടുതൽ പദ്ധതികൾ വന്നതോടുകൂടി പുതിയ കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ രംഗത്ത് പൂർണ്ണമായും കയറ്റുമതി ലക്ഷ്യമാക്കിയുള്ള യൂണിറ്റുകൾ വ്യവസായികൾക്ക് തുടങ്ങുന്നതിനായി കിൻഫ്രാ രണ്ട് ഇൻഫർമേഷൻ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചു വരുന്നു. എറണാകുളം ജില്ലയിലെ കാക്കനാട് സ്ഥാപിക്കുന്ന ഇൻഫർമേഷൻ ടെക്നോളജി പാർക്കിനുവേണ്ടി 1,25,000 ചതുരശ്രഅടി വരുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മലപ്പുറം ജില്ലയിൽ കാക്കഞ്ചേരിയിൽ കിൻഫ്രാ ഏറ്റെടുത്തിട്ടുള്ള 70 ഏക്കർ ഭൂമിയിൽ 10 ഏക്കർ ഭാഗത്ത് കിൻഫ്രാ സ്ഥാപിക്കുന്ന ഇൻഫർമേഷൻ ടെക്നോളജി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രത്യേകമായി പരിഗണിച്ച് ചെറുകിട വ്യവസായങ്ങൾക്ക് നൽകിവരുന്ന എല്ലാ സഹായങ്ങളും നൽകുന്നു. സ്ഥിരനിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപ വരെയുള്ള മൂലധനനിക്ഷേപ സബ്സിഡി നൽകുന്നുണ്ട്. സംസ്ഥാനത്തെ ജില്ലാ കേന്ദ്രങ്ങൾ, മുനിസിപ്പൽ ടൗണുകൾ എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. സോഫ്റ്റ്വെയർ ടെക്നോളജി പാർക്കിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെപ്പോലെ കോഴിക്കോട്, പാലക്കാട്, എറണാകുളം തുടങ്ങിയ ജില്ലാ ആസ്ഥാനങ്ങളിലും പാർക്കുകൾ സ്ഥാപിച്ചുവരുന്നു. കൊച്ചി കോർപ്പറേഷനും, വി.എസ്.എൻ.എൽ-മായി ചേർന്ന് കെ.എസ്.ഐ.ഡി.സി. ഒരു സൈബർപാർക്ക് കൊച്ചിയിൽ സ്ഥാപിക്കുന്നുണ്ട്. കൂടാതെ, ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുന്ന പ്രവർത്തന വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും, പരിഹരിക്കുന്നതിനുമായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും സ്റ്റിയറിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള എന്ന പേരിൽ കാര്യവട്ടത്ത് ടെക്നോപാർക്ക് കാമ്പസിൽ വിവരസാങ്കേതിക മേഖലയിലെ വിവിധ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിനായി ഒരു സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കഴിഞ്ഞു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം 23.11.2000-ൽ നടന്നു. ഫെബ്രുവരി ആദ്യ വാരത്തോടുകൂടി ഒന്നാമത്തെ ബാച്ച് കോഴ്സുകൾ ആരംഭിക്കുവാനുതകുന്ന വിധത്തിൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ ഏകദേശം 1500 ഓളം സർക്കാർ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിനായി കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിനും, ആവശ്യമായ ട്രെയിനർമാരെ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പിനായി കമ്പ്യൂട്ടർ ശേഖരിക്കുന്ന ഒരു കമ്പ്യൂട്ടർ ബാങ്ക് പദ്ധതിക്ക് രൂപം നൽകിവരുന്നു. 7-ാം തരം മുതൽ കമ്പ്യൂട്ടർ പഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ വേണ്ട തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സർക്കാർ വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതികളുടെ വിജയസാധ്യത മലയാള ഭാഷയുടെ ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മലയാള ഭാഷയിലുള്ള സോഫ്റ്റ് വെയറുകളുടെ ഏകീകരണത്തിനും കീബോർഡ് പരിഷ്ക്കരണത്തിനും മുഖ്യ സ്ഥാനമുണ്ട്.ഈ വസ്തുത കണക്കിലെടുത്ത് ഭാഷയിലെ സോഫ്റ്റ്വെയറുകളുടെ ഏകീകരണത്തിനും ലിപി പരിഷ്ക്കരണത്തിനും ആവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് സി-ഡിറ്റ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കീബോർഡ് പരിഷ്ക്കരണത്തിനും, ലിപി പരിഷ്ക്കരണത്തിനുമായി രണ്ട് സബ്കമ്മിറ്റികൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ കമ്പ്യൂട്ടർ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കിവരുന്നു. ഐ.റ്റി. സർക്കാരിൽ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചിട്ടുണ്ട്. ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ട 34 വകുപ്പുകളെ ആദ്യഘട്ടത്തിൽ, കമ്പ്യൂട്ടർവൽക്കരണത്തി

LIBRARY ARCHIVES Kerala Legislative Assembly

നായി മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ വകുപ്പിനും, അതിന്റെ പദ്ധതി വിഹിതത്തിന്റെ 3% വരെ തുക ഐ.റ്റി. നടപ്പാക്കുന്നതിന് ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്.

വകുപ്പുതല കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് ഉപയുക്തമായ സോഫ്റ്റ്വെയർ (PEARL – Package for Effective Administration of Registration Laws) വികസിപ്പിച്ചു കഴിഞ്ഞു. പ്രസ്തുത പാക്കേജിൽക്കൂടി എല്ലാവിധ ആധാരങ്ങളുടെയും രജിസ്ട്രേഷൻ, കുടിക്കടസർട്ടിഫിക്കറ്റ് നൽകൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകൽ എന്നിവ കുറഞ്ഞ സമയത്തിൽ നൽകാനാവും. കമ്പ്യൂട്ടർ പ്രിന്റുകൾ എടുക്കാൻ കഴിയുമെന്നതിനാൽ കൈയെഴുത്തു കോപ്പികൾ തയ്യാറാക്കേണ്ടതില്ല. കാര്യങ്ങൾ എളുപ്പത്തിലും വേഗത്തിലും നടത്താനും, കൂടുതൽ സുതാര്യത ഉറപ്പുവരുത്തുവാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയും. ഒന്നാം ഘട്ടത്തിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായ തൊടുപുഴ സബ്രജിസ്ട്രാർ ഓഫീസിന്റെ ഉദ്ഘാടനം നടന്നുകഴിഞ്ഞു.

കൂടാതെ പോലീസ് വകുപ്പ് ഒഴികെയുള്ള എല്ലാ വകുപ്പുകൾക്കും ഉപയുക്തമാകുമാറ് ഒരു വിവരവിനിമയ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. സ്വകാര്യമേഖലയുടെകൂടി സജീവ പങ്കാളിത്തത്തോടെ സംസ്ഥാന വിവരവിനിമയ ശൃംഖല പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതുമൂലം ആവശ്യത്തിനു തകും വിധം ബാൻഡ് വിഡ്ത്ത് സൗകര്യം ലഭ്യമാക്കാനാകും എന്ന് വിലയിരുത്തിയിട്ടുണ്ട്. അതിനനുസൃതമായി വ്യവസായസംരംഭകരുടെ ഈ വിഷയത്തിലുള്ള പദ്ധതി രേഖകൾ ക്ഷണിക്കുകയും, അവ പരിശോധിച്ച് സംസ്ഥാനത്തിന് ഏറ്റവും ലാഭകരവും, അനുയോജ്യമായതുമായ ഓഫറുകൾ കണ്ടുപിടിച്ച് ശുപാർശ ചെയ്യുന്നതിനും മറ്റുമായി ഇൻഫർമേഷൻ ടെക്നോളജി സെക്രട്ടറി കൺവീനറും, പൊതുമരാമത്തു വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഗ്രാമ-നഗര) വികസന വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് വിജ്ഞാന കേന്ദ്രങ്ങളും ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖലയായ റൂറൽ ഡവലപ്മെന്റ് നെറ്റ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്ന ഇൻഫർമേഷൻ കേരള മിഷൻ പദ്ധതി പുരോഗമിച്ചുവരുന്നു.

വിവിധ വകുപ്പുകളുടെ സേവനം ഒരു സ്ഥലത്തുനിന്നു തന്നെ ലഭ്യമാക്കുവാൻ ഉതകുന്ന ഒരു ഏകജാലക സേവന കേന്ദ്രം തിരുവനന്തപുരത്തെ പാളയം സാഫല്യം കോംപ്ലക്സിൽ 29.06.2000 മുതൽ ഒരു പൈലറ്റ് പ്രോജക്ട് ആയി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്കും, ഏജൻസികളിലേക്കും (റവന്യൂ, മോട്ടോർ വെഹിക്കിൾസ്, സിവിൽ സപ്ലൈസ്, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം നഗരസഭ തുടങ്ങിയവ) ഒടുക്കേണ്ട ഫീസുകളും, നികുതികളും ഒടുക്കുന്നതോടൊപ്പം, വിവിധ ആവശ്യങ്ങൾക്കു വേണ്ട അപേക്ഷാഫാറങ്ങളും മറ്റു വിവരങ്ങളും ലഭ്യവുമാണ്. പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തന വിജയത്തിന്റെ അടിസ്ഥാനത്തിൽ ഇതേ രീതിയിലുള്ള സേവന കേന്ദ്രങ്ങൾ കൊച്ചിയിലും, കോഴിക്കോട്ടും തുടങ്ങുന്ന കാര്യം പരിഗണിച്ചു വരുന്നു. കൂടാതെ, സേവന കേന്ദ്രത്തിൽ കൂടുതൽ സേവന മേഖലകൾ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണനയിലാണ്.

2/89/05/S.M.T.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് മൊത്തമായി ഒരു സമഗ്ര ജി.ഐ.എസ്. (ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം) സംവിധാനം വികസിപ്പിച്ചെടുക്കുന്നതിന് ഉപയുക്തമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ ജി.ഐ.എസ്. മേധാവി ഡോ.വി.ഗോവിന്ദാരു കൺവീനറായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജി.ഐ.എസ്. നിലവിലുള്ള അതിന്റെ ടെക്നോളജി, അതിന്റെ ഉപയോഗം എന്നിവയിൽ പരിജ്ഞാനം നൽകുന്നതിനായി സർക്കാർ വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് ഒരു ദിവസത്തെ ശിൽപ്പശാല നടത്തി. ജി.ഐ.എസ്. ഉപയോഗിക്കുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ ചേർത്തുകൊണ്ട് ഒരു ജി.ഐ.എസ്. ഫാറം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സാധാരണ ജനങ്ങൾക്ക് ഐ.റ്റി യിലൂടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമീണ വായനശാലകളിൽ ഓരോ സേവന-ഗ്രാമീണ വിവര കേന്ദ്രം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യത്തെ പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ കല്ലറ പഞ്ചായത്തിൽ 10.08.2000-ൽ ഒരു സേവന-ഗ്രാമീണ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. ഇലക്ട്രോണിക്സ് റിസർച്ച് ഡെവലപ്മെന്റ് സെന്ററിന്റെ സഹകരണത്തോടെയാണ് പ്രസ്തുത പ്രോജക്ടിന് രൂപം നൽകിയിട്ടുള്ളത്. ഈ കേന്ദ്രത്തിൽ നിന്നും പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഇന്റർനെറ്റ്, ഇ-മെയിൽ സൗകര്യവും, ലൈബ്രറി മാനേജ്മെന്റ്, പുസ്തക വിതരണം തുടങ്ങി ഗ്രന്ഥശാലാ പ്രവർത്തനവുമായി ബന്ധപ്പെട്ട സൗകര്യങ്ങളും ലഭ്യമാണ്. കൂടാതെ, ഇംഗ്ലീഷ്, മലയാളം വേഡ് പ്രോസസിംഗ്, ക്ഷേമപദ്ധതികളുടെ വിവരങ്ങൾ, ജനകീയാസൂത്രണം സംബന്ധിച്ച വിവരങ്ങൾ, സർവ്വകലാശാല, പി.എസ്.സി. എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുതലായവയും, ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതാണ്. വിദ്യാർത്ഥികൾക്ക് പഠനകാര്യങ്ങൾക്ക് സഹായിക്കുന്ന കമ്പ്യൂട്ടർ ബാങ്ക്, തൊഴിലവസരങ്ങളുടെ വിവരം, തീവണ്ടി, ബസ്സ്, വിമാന സമയവിവരങ്ങൾ തുടങ്ങിയ കാര്യങ്ങളും ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്.

(ബി, സി) സർക്കാർ പ്രാവർത്തികമാക്കിവരുന്ന ഇൻഫർമേഷൻ ടെക്നോളജി നയപരിപാടികളിൽ ഹൈടെക്ക് സിറ്റികൾ രൂപീകരിക്കുന്നതിന് പ്രത്യേകമായ ഊന്നൽ നൽകിയിട്ടില്ല. കേരളത്തിൽ നിലവിലുള്ള പ്രത്യേക സാഹചര്യത്തിൽ ഹൈടെക്ക് സിറ്റികൾക്ക് പ്രത്യേക പ്രസക്തിയില്ല.

(ഡി) വിദേശപ്രവാസി നിക്ഷേപകരെ കേരളത്തിലേക്ക് വ്യവസായ സംരംഭങ്ങൾ നടത്തുന്നതിനായി ക്ഷണിക്കുന്നുണ്ട്. ദേശീയ അന്തർദേശീയ തലത്തിൽ പത്രമാസികകളിൽ പരസ്യം ചെയ്യുന്നതുകൂടാതെ, ഐ.റ്റി. എക്സിബിഷനുകളിലും, സെമിനാറുകളിലും പങ്കെടുക്കുകയും, നേരിട്ട് കമ്പനികളുമായി ബന്ധപ്പെടുകയും ചെയ്യുന്നുണ്ട്. വിദേശികൾക്ക് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാനായി വ്യവസായ വകുപ്പിന്റെയും, പ്രമോഷണൽ ഏജൻസികളുടെയും വെബ് സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നവംബർ 23 മുതൽ 26 വരെ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര ഐ.റ്റി.എക്സിബിഷനോടനുബന്ധിച്ച് നടന്ന ഇൻവെസ്റ്റേഴ്സ് മീറ്റിൽ വിദേശ സംരംഭകർ ഉൾപ്പെടെയുള്ള ഐ.റ്റി. മേഖലയിലെ നിക്ഷേപകർ പങ്കെടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly